## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 927** | **25/01/2018-ൽ മറുപടിയ്ക്ക്.**

### ക്ഷീര സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. എ. ഖാദർ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ക്ഷീരവികസന സഹകരണ സംഘങ്ങളിൽ ചട്ടപ്രകാരമുള്ള ഓഡിറ്റ് സമയബന്ധിതമായി നടക്കാറുണ്ടോ ; | (ബി) | ക്ഷീരസഹകരണ സംഘങ്ങളിൽ ആഡിറ്റ് നടത്തി വരുന്നു. സഹകരണ ഓഡിറ്റ് വകുപ്പ് ആണ് ഓഡിറ്റ് നടത്തി വരുന്നത്. ചില സംഘങ്ങളിൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. |
| (സി) | പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളതെന്ന് വിശദീകരിക്കുമോ ? | (സി) | ക്ഷീര സഹകരണ സംഘങ്ങളുടെ നടത്തിപ്പ് കാര്യക്ഷമവും ക്രമപ്രകാരവും ആണ് എന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസം ഓരോ ക്ഷീരവികസന ഓഫീസർമാർക്കും രണ്ട് വിശദ പരിശോധനയും മൂന്ന് മിന്നൽ പരിശോധനയും ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് രണ്ട് വിശദ പരിശോധനയും നാല് മിന്നൽ പരിശോധനയും നടത്തുന്നതിന് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ ജില്ലാ തലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ഒരു പരിശോധനാ വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനകളിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ആയത് ഡെയറി രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ